(ബി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 40 ശതമാനമോ അതിലധികമോ വൈകല്യത്തിന്റെ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

2. പ്രായം 18 നും 60 നും മദ്ധ്യേ.

3. വാർഷിക വരുമാന പരിധി നഗര പ്രദേശങ്ങളിൽ 5 ലക്ഷം രൂപയും, ഗ്രാമ പ്രദേശങ്ങളിൽ 3 ലക്ഷം രൂപയുമാണ്.

4. അപേക്ഷകന് തക്കതായ വിദ്യാഭ്യാസം/സാങ്കേതിക തൊഴിൽ യോഗ്യതകൾ/പ്രവൃത്തി പരിചയം/സാഹചര്യങ്ങൾ ഉണ്ടായിരിക്കണം.

5. മതിയായ ജാമ്യം ആവശ്യമാണ്.

6. സാങ്കേതിക വിദ്യാഭ്യാസത്തിന് വായ്പ അനുവദിക്കുന്നതിന് വിദ്യാർത്ഥിയുടെ രക്ഷകർത്താവിന് സ്ഥിര വരുമാനം ഉണ്ടായിരിക്കണം. വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാൻ പാടില്ല. മുൻ പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് രണ്ടാം ക്ലാസ്സോടെ (50%) പാസ്സായിരിക്കണം.

(സി) സാലറി സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അനുവദിക്കുന്ന വായ്പകളിൽ വായ്പയെടുത്തയാൾ വായ്പ തുക തിരിച്ചടയ്ക്കാതെ വന്നാൽ ജാമ്യക്കാരന്റെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നു. വസ്തു ജാമ്യത്തിൽ അനുവദിക്കുന്ന വായ്പകൾ തിരിച്ചടയ്ക്കാതെ വന്നാൽ കോടതിയുടെ സഹായത്താൽ വായ്പ തുക വസൂലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നൽകാറുണ്ട്. പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണയായി വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സ്കീം നടപ്പാക്കൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ഇല്ല.

(എഫ്) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്നും സാമൂഹ്യ സുരക്ഷാ മിഷനിൽ നിയമിച്ച ജീവനക്കാർ

90 (6249) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽനിന്നും എത്ര ജീവനക്കാരെ സാമൂഹ്യ സുരക്ഷാ മിഷനിൽ നിയമിച്ചിട്ടുണ്ട് ; അവരുടെ പേരു വിവരം, തസ്തിക, നിയമന രീതി, ശമ്പളം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധമായി കോർപ്പറേഷൻ സർക്കാരിനയച്ച കത്തുകളുടെയെല്ലാം കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒന്ന്. വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്ന് എസ്. ഷാജി എന്നയാളെ സാമൂഹ്യ സുരക്ഷാ മിഷനിൽ സ്റ്റേറ്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ പ്രതിമാസം 17500 രൂപ ശമ്പളത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 18-5-2010-ലെ 532/6/എ1/HPWC/1537 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വികലാംഗരുടെ ജോലി സംവരണം

91 (6250) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ജനുവരി ഒന്നു മുതൽ കാഴ്ച ഇല്ലാത്തവരുടെയും, മറ്റ് വികലാംഗരുടെയും, തൊഴിൽ നിയമനം പി. എസ്. സി. ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവിൽ 2004 മുതൽ 2006 വരെ വികലാംഗർക്ക് ലഭിക്കേണ്ട നിയമനങ്ങളിലെ ബാക്ക്‌ലോഗ് 1650 തസ്തികകളാണ് എന്ന് പറയുന്നുണ്ടോ ;

(സി) എങ്കിൽ ഈ കാലയളവിൽ ഇതേ തസ്തികകളിൽ പി. എസ്. സി. നടത്തിയ മൊത്തം നിയമനങ്ങളുടെ മൂന്ന് ശതമാനം കണക്കാക്കിയുള്ള ബാക്ക് ലോഗ് ആയിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ബാക്ക്‌ലോഗ് ഇതിനകം നികത്തുകയുണ്ടായോ ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഇ) എന്നാൽ ഇപ്പോൾ മൊത്തം ഒഴിവുള്ള തസ്തികയുടെ മൂന്ന് ശതമാനം വികലാംഗ സംവരണം എന്നതു മാറ്റി വികലാംഗർക്ക് ചെയ്യാൻ കഴിയുന്ന ജോലികളുടെ മൂന്ന് ശതമാനം എന്നാക്കി ഉത്തരവിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇങ്ങനെ വന്നാൽ അന്ധന്മാർക്ക് പൂർണ്ണമായും തൊഴിലവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly